**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**18 MAY 2018 (02 RAMADAN 1439 AH)**

# “TYPES OF FASTING”
# വ്രതാനുഷ്ഠാന രീതികൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം “വ്രതാനുഷ്ഠാന രീതികൾ” എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

“സത്യവിശ്വാസികളെ, നിങ്ങളുടെ മുമ്പുള്ളവരുടെ മേൽ നിശ്ചയിക്കപ്പെട്ടിരുന്നതു പോലെ നിങ്ങളുടെമേലും വ്രതം നിശ്ചയിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ സൂക്ഷമതയുള്ള വരാകാൻ വേണ്ടി” 2 : 184

ഇസ്ലാമിലെ വ്രതാനുഷ്ഠാനത്തിന് ഒരു പ്രത്യേകതരത്തിലുള്ള ഗുണവിശേഷമുണ്ട്. മറ്റുള്ളമതങ്ങളിലുള്ള വ്രതാനുഷ്ഠാനവുമായി അത് തികച്ചും ഭിന്നമാണ്. ഹസ്രത് മുഹമ്മദ് (സ) യുടെ സമുദായത്തിന് അല്ലാഹു (ത) ഒരു പ്രത്യേക രീതിയിലുള്ള വ്രതാനുഷ്ഠാനമാണ് നല്കിയുട്ടുള്ളത്. മറ്റു മതങ്ങളിലുള്ള പ്രവാചകൻമാർക്ക് നല്കിയിട്ടുള്ള വ്രതാനുഷ്ഠാനം പോലെയല്ല അത്

ഞാൻ പാരായണം ചെയ്ത വചനത്തിൽ അല്ലാഹു (ത) പറഞ്ഞിട്ടുണ്ടെങ്കിൽ പോലും, അതായത് നിങ്ങൾക്കു മുമ്പുള്ളവർക്ക് വ്രതാനുഷ്ഠാനം നിശ്ചയിച്ചിട്ടുള്ളതു പോലെ നിങ്ങൾക്കും നിശ്ചയിച്ചിരിക്കുന്നു. എന്നുപറയുമ്പോഴും ഹസ്രത് മുഹമ്മദ് (സ) യുടെ സമുദായത്തിന് വ്രതാനുഷ്ഠാനത്തിന് ചില വ്യവസ്ഥകളും, രീതികളും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. വ്രതം മനുഷ്ഠിക്കുന്ന ഒരാൾക്ക്, റമദാൻ മാസത്തിൽ ചെയ്യുന്ന ഒരോ നന്മയ്ക്കും വളരെ വലിയ പ്രതിഫലങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത മാസ

ത്തിൽ ചെയ്യുന്ന ഒരോ നന്മയ്ക്കും 70 നന്മ ചെയ്യുന്ന കൂലി നല്കപ്പെടുന്നതാണ്, സാധാരണമാസത്തിൽ ഒരു നന്മ, ഒരു നന്മയായി മാത്രമെ കണക്കാകുയുള്ളു. ഉദാഹരണമായി ഫർസ് നമസ്ക്കാരം, സുന്നത്തു നമസ്ക്കാരം, നഫ്ൽ നമസ്ക്കാരം തുടങ്ങിയവ സാധാരണ ദിവസങ്ങളിൽ ചെയ്യുന്ന പ്രവർത്തനങ്ങൾക്കു ലഭിക്കുന്ന പ്രതിഫലം റമദാൻ ദിനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, പ്രതിഫലം വളരെ വളരെ കൂടുതലാണ്. ഇടയത്താഴം കഴിക്കുന്നതിനും. നോമ്പു തുറക്കുന്നതിനും വരെ വളരെ വലിയ പ്രതിഫലങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. നോമ്പു പിടിക്കുന്നതിനുള്ള ഭക്ഷണത്തിനും നോമ്പുതുറക്കുന്നതനുള്ള ഭക്ഷണത്തിനും വരെ വളരെ വലിയ പ്രതിഫലങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

നിഷ്ക്കളങ്കമായ നിലയിലും സത്യമായ അവസ്ഥയിലും ഒരാൾ വ്രതമനുഷ്ഠിച്ചാൽ, വ്രതാനുഷ്ഠാനത്തിന്റെ നിബന്ധനകൾ പൂർണ്ണമായും പരിപാലിച്ചാൽ. അതിലൂടെ സ്രഷ്ടാവിനോടുള്ള അനുസരണം സമ്പൂർണ്ണമാക്കിയാൽ, അവനു ഒരു പക്ഷേ പ്രതിഫമായി ലഭിക്കുന്നതു പ്രപഞ്ച സൃഷ്ടാവിനെ തന്നെയായിരിക്കും. അൽഹംദുലില്ലാഹ്! ഒരുവനു വ്രതാനുഷ്ഠാനത്തിലൂടെ ലഭ്യമാകുന്ന ഏറ്റവും വലിയ പ്രതിഫലം, അല്ലാഹുവിന്റെ തേജോവിലാസം തന്നെയാണ്. മറ്റു പ്രവാചകന്മാരുടെ സമുദായത്തിനേതിനെങ്കിലും അത്തരം പ്രതിഫലം ലഭ്യമാകുന്നുണ്ടോ ? അല്ലാഹു (ത) പറയുന്നു.

ഇമാം ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്ത ഖുദ്സിയായ ഒരു ഹദീസിൽ പറയുന്നു. വ്രതാനുഷ്ഠാനം എനിക്കു വേണ്ടിയുള്ളതാണ്, ഞാനാണ് അതിന്റെ പ്രതിഫലം നല്കുന്നത്.

ഹസ്രത് മുഹമ്മദ് (സ) യുടെ സമുദായത്തിന്, വ്രതാനുഷ്ഠാനത്തിന്റെ മഹത്വത്തിന്, ഇതിൽ കൂടുതലൊരു സാക്ഷ്യം ആവശ്യമില്ല. ഇതുപോലെ തന്നെ, പരിശുദ്ധ കഅ്ബാലയം എല്ലാ വിധ മഹത്വത്തിന്റെയും കേന്ദ്രമാകുന്നു. അല്ലാഹുമായി പ്രസ്തുത ഭവനത്തിന് അത്രത്തോളം ബന്ധമുണ്ട്. അല്ലാഹു (ത) പറയുന്നു. എന്റെ ഭവനത്തെ നീ ശുദ്ധീകരിക്കുക.

## രണ്ട് പ്രധാന ആശയങ്ങളാൽ വ്രതാനുഷ്ഠാനം നന്മനിറഞ്ഞതായിരിക്കുന്നു.

1. ഇത് ഒരു രഹസ്യ പ്രവർത്തിയാണ്, തികച്ചും ഗോപ്യമായതാണ്. കാരണം സൃഷ്ടികളി

ലൊരാൾക്കും ഇതിന്റെ രഹസ്യം കണ്ടുപിടിക്കുവാൻ സാധിക്കുകയില്ല പൊങ്ങച്ചം ഇതിനെ തൊട്ടുനീണ്ടത്തുപോലുമില്ല.

2. അല്ലാഹുവിന്റെ ശത്രുക്കളുടെ മേൽ ആധിപത്യം സ്ഥാപിക്കുവാനുള്ള ഒരു വഴിയാകുന്നു. ആദം സന്തതികളെ ചതിക്കുവാനായി അല്ലാഹുവിന്റെ ശത്രുക്കൾ പതിയിരിക്കുന്നത് ഇച്ഛകളുടെ മേലാകുന്നു. അവരുടെ ഇച്ഛകൾക്ക് ശക്തിപകരുവാൻ അന്നപാനീയങ്ങളാണ് നല്കപ്പെടുന്നത്. അതുകൊണ്ട് തന്നെ അവർക്ക് വ്രതാനുഷ്ഠാനം ക്ലേശകരമായിരിക്കും. അതുകൊണ്ട് വ്രതാനുഷ്ഠാനം ചെയ്യാതിരിക്കുവാനുള്ള എല്ലാ തന്ത്രങ്ങളും പ്രയോഗിക്കുന്നതാണ്.

## വ്രതാനുഷ്ഠാനത്തിന് മൂന്ന് പദവികളുണ്ട്

1. പൊതുവായ വ്രതാനുഷ്ഠാനം
2. കൃത്യമായ വ്രതാനുഷ്ഠാനം
3. ഏറ്റവും നല്ല നിലയിലുള്ള വ്രതാനുഷ്ഠാനം

**പൊതുവായ വ്രതാനുഷ്ഠാനം** എന്നാൽ, ആമാശയത്തിലും മറ്റു അവശ്യഭാഗങ്ങളിലും അവരുടെ ഇച്ഛകളെ പ്രവേശിപ്പിക്കുന്നതിൽ നിന്നും തടയുക. റമദാൻ മാസത്തിൽ നിങ്ങൾക്കിത് ശ്രദ്ധിക്കുവാൻ കഴിയുന്നതാണ്. വ്രതാനുഷ്ഠാന സമയങ്ങളിൽ സാത്താൻ ഇത്തരം ഇച്ഛകളാൽ നിങ്ങളെ സ്വാധീനിക്കുന്നതാണ്.

## കൃത്യമായ വ്രതാനുഷ്ഠാനം

**a)** നിങ്ങളെ നിരോധിത കാര്യങ്ങൾ നോക്കുന്നതിൽ നിന്നും നിങ്ങളുടെ കണ്ണുകളെ തടയുന്നതാണ്. (ഗുരുതരമായ തെറ്റുകൾ ചെയ്യുന്നതിന് നിങ്ങളെ ഇതു പ്രേരിപ്പിക്കുന്നതാണ്)

**b)** ചീത്തകാര്യങ്ങൾ പറയുന്നതിൽ നിന്നും നാവ് നിങ്ങളെ വിലക്കുന്നതാണ് (ആവശ്യമില്ലാത്ത, വ്യർത്ഥമായ വാക്കുകൾ, വാക്ഗ്വാദങ്ങൾ, വാക്പോരാട്ടങ്ങൾ തുടങ്ങിയവ)

**c)** ചീത്തകാര്യം ചെയ്യുന്നതിൽ നിന്നും കൈകൾ നിങ്ങളെ തടയുന്നതാണ് (മറ്റുള്ളവരെ അടിക്കുവാനായി കൈഉയർത്തുക, മോഷ്ടിക്കുക, ചതിക്കുക തുടങ്ങിയവ)

**d)** നിരോധിത കാര്യങ്ങൾ ശ്രവിക്കുന്നതിൽ നിന്നും ചെവികളെ തടയുന്നതാണ്. (ദൈ

വീക പ്രതിഫലം കൊണ്ടുവരാത്ത കാര്യങ്ങൾ കേൾക്കുക, നിങ്ങളുമായി ബന്ധമില്ലാത്ത കാര്യങ്ങൾ കേൾക്കുക തുടങ്ങിയവ)

**e)** ശരീരത്തിലെ മറ്റു അവയവങ്ങൾ തെറ്റായ കാര്യങ്ങൾ ചെയ്യുന്നതിൽ നിന്നും തടയുക.

3. ഏറ്റവും നല്ലനിലയിലുള്ള വ്രതാനുഷ്ഠാനം ഹൃദയം കൊണ്ട് വർജ്ജിക്കലാണ്. ഈ ഭൗതിക ലോകത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന കാര്യങ്ങളിൽ നിന്നും ഹൃദയത്തെ മുക്തമാക്കുക. എന്നിട്ട് നമ്മുടെ ചിന്തകൾ നാമും അല്ലാഹുമായി മാത്രമുള്ളതാക്കി തീർക്കുക. വ്രതാനുഷ്ഠാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത നമ്മുടെ നോട്ടത്തെ താഴ്ത്തുക, നാവിനെ നിയന്ത്രിക്കുക എന്നതാണ്. സംസാരിക്കുന്നതിനു മുമ്പ് വളരെ കൂടുതൽ ചിന്തിക്കുക. നിങ്ങളുടെ നാവിൽ നിന്നുള്ള ഒരു വാക്കും മറ്റുള്ള ഒരാൾക്കും ഒരു ബുദ്ധിമുട്ടും വരുത്തുന്നില്ലാ എന്നുറപ്പാക്കുക. ചുരുക്കത്തിൽ നിങ്ങളുടെ ശരീരത്തിലെ എല്ലാ അവയവങ്ങളുടെ മേലും നിങ്ങൾക്ക് പൂർണ്ണമായ നിയന്ത്രണം ഉണ്ടായിരിക്കണം. അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാകുന്നു. ഞാൻ നിങ്ങളുടെ മുൻപാകെ പാരായണം ചെയ്ത വചനത്തിന്റെ പൊരുൾ അതാണ്, അതായത് അല്ലാഹു (ത) പറയുന്നു. നിങ്ങൾ സത്കർമ്മകാരികളായി തീരുന്നതിനു വേണ്ടി (21: 184)

അല്ലാഹുവിനെ പ്രതിഫലമായി കിട്ടുക എന്നത് ഒരു നിസ്സാരമായ കാര്യമല്ല. നിങ്ങൾക്കെതിരിൽ നിങ്ങൾ വളരെ വലിയ പോരാട്ടം തന്നെ നടത്തേണ്ടതായിട്ടുണ്ട്. ഇത് അന്ന പാനീയങ്ങൾ ഉപേക്ഷിച്ച് നിങ്ങൾ നോമ്പുകാരനാണ് എന്ന് പറയലല്ല അത്. ഒരിക്കലുമല്ല. ആ നിലയിൽ ചെയ്യാവുന്ന ഒരു കാര്യമല്ല അത്. വ്രതാനുഷ്ഠാനത്തോടൊപ്പം എല്ലാവിധ നന്മകളും ചെയ്യേണ്ടതാണ്. ഇത്തരത്തിലുള്ള എല്ലാ നന്മകളും ചെയ്തു കൊണ്ട് അന്ന പാനീയങ്ങൾ ഉപേക്ഷിച്ചുകൊണ്ടുള്ള വ്രതാനുഷ്ഠാനം, അതിന്റെ എല്ലാ മൂല്യങ്ങളും സ്വായത്തമാക്കുന്നതാണ്. അല്ലാഹുവിന്റെ മുമ്പിൽ അതിന്റെ എല്ലാ ഗുണങ്ങളും ലഭിക്കുന്നതാണ്. ഏതൊരാൾ തന്റെ മോശപ്രവർത്തി ഉപേക്ഷിക്കുന്നില്ലയോ, അതായത് അതുമിതും പറയുക, വഴക്കുകൂടുക, ചാരപ്രവർത്തി ചെയ്യുക. സംശയങ്ങൾ വെച്ചു പുലർത്തുക, അസൂയലാവുകക, നുണപറയുക തുടങ്ങിയവ ഉപക്ഷേക്കുന്നില്ലയോ അവൻ അല്ലാഹുവിന്റെ

തൃപ്തിക്കായി അന്നപാനീയങ്ങൾ ഉപേക്ഷിക്കേണ്ട കാര്യമില്ല. ഇക്കാര്യങ്ങൾ ഹദീസിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്.

വ്രതാനുഷ്ഠാനത്തിന്റെ മറ്റൊരു പ്രത്യേകത, വ്രതാനുഷ്ഠാനക്കാരൻ രാത്രിയിൽ അവന്റെ ആമാശയം നിറയ്ക്കുവാൻ പാടില്ല. മറിച്ച് അത്യാവശ്യത്തിന് ആഹാരം കഴിക്കുക. കാരണം ആദം (അ)ന്റെ സന്തതിയ്ക്ക്, തന്റെ ആമാശയത്തേക്കാൾ മോശമായ മറ്റൊരു പാത്രം നിറയ്ക്കുവാൻ വേറെയില്ല.  രാവ് ആരംഭിക്കുമ്പോൾ തന്നെ, അവന്റെ വയറ് നിറയ്ക്കുവാൻ ആവശ്യത്തിന് ആഹാരമുണ്ടെങ്കിൽ, അവന്റെ ശരീരം രാത്രിയിൽ വേണ്ടപോലെ ഉപയോഗിക്കുവാൻ സാധിക്കുകയില്ല.  ഇനി ഇടയത്താഴ സമയത്ത് ആവശ്യത്തിലധികം ഭക്ഷണം ചെലുത്തിയാൽ പിറ്റേന്ന് ഉച്ചവരേയും അവന് വേണ്ടതുപോലെ പ്രവർത്തിക്കുവാൻ കഴിയുകയില്ല.  അമിത ഭക്ഷണം മനുഷ്യന് ക്ഷീണവും ന്യൂനതയും സൃഷ്ടിക്കുന്നു. അമിതഭക്ഷണം വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യത്തെ തന്നെ ഇല്ലാതാക്കുന്നു. വ്രതാനുഷ്ഠാനത്തിന്റെ ലക്ഷ്യം വിശപ്പിന്റെ രുചി എന്താണെന്നറിയാനുള്ള ശരീരേചകളെ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗം അന്വേഷിക്കലുമാണ്.

ബുദ്ധിമാനായ ഒരു മനുഷ്യൻ വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശലക്ഷ്യം മനസ്സിലാക്കുന്നതാണ്. വ്രതാനുഷ്ഠാനം തന്റെ തന്നെ നേട്ടത്തിനു വേണ്ടിയാണ് എന്ന് തിരിച്ചറിയുകയും, അതിലുള്ള പ്രയാസങ്ങൾ അവൻ സന്തോഷത്തോടെ നേരിടുന്നതുമാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഒരു അനുചരൻ ഇബ്നു മസ്ഊദ് (റ) വ്രതാനുഷ്ഠാനം വളരെ കുറച്ചു മാത്രമെ നിർവ്വഹിച്ചിരുന്നുള്ളു. കാരണമായി അദ്ദേഹം പറഞ്ഞത് ഞാൻ വ്രതമനുഷ്ഠിക്കുമ്പോൾ (അതായത് നിർബന്ധമല്ലാത്ത വ്രതാനുഷ്ഠാനം) ഞാൻ വളരെ ക്ഷീണിതനായി തീരുകയും അത് നമസ്ക്കാരത്തെ ബാധിക്കുകയും ചെയ്യുന്നു. ഞാൻ നിർബന്ധമല്ലാത്ത വ്രതാനുഷ്ഠാനത്തേക്കാൾ നമസ്ക്കാരത്തിന് മുൻഗണന കൊടുക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ അദ്ദേഹം നിർബന്ധമായ കാര്യത്തിന് മുൻഗണന കൊടുക്കയും നിർബന്ധമല്ലാത്ത പ്രവർത്തിക്കു കൂടുതൽ പരിഗണന കൊടുക്കാതിരിക്കുകയും ചെയ്യുന്നു എന്ന് സാരം.

ചില അനുചരന്മാർ വ്രതാനുഷ്ഠാന സമയത്ത് ഖുർആൻ പാരായണത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതു മൂലം അവർ ക്ഷീണിതരായി തീർന്നു. അങ്ങനെ അവർ വ്രതമനു

ഷ്ഠിച്ചു (ഈ കാര്യത്തിൽ അവർ അനുബന്ധമായി നിർബന്ധമല്ലാത്ത വ്രതാനുഷ്ഠാനം നടത്തി) അവരുടെ പാരായണത്തിലെ സന്തുലിതാവസ്ഥയ്ക്കു വേണ്ടി ! ഓരോ വ്യക്തിയും മനസ്സിലാക്കേണ്ടതാണ് തങ്ങളുടെ കഴിവുകളെ കുറിച്ച് ! (ആരോഗ്യസ്ഥിതിയും, മറ്റു കഴിവുകളും) അതനുസരിച്ച് ഖുർആൻ പാരായണം നടത്തുക, മറ്റു ആരാധനകളും !

പ്രവാചകൻ (സ) യുടെ ഒരു അനുചരൻ റിപ്പോർട്ട് ചെയ്യുന്നു റമദാൻ മാസത്തിൽ അല്ലാഹുവിന്റെ ദൂതൻ പറയുന്നത് ഞാൻ കേട്ടു. നരകത്തിന്റെ വാതിലുകൾ അടയ്ക്കപ്പെട്ടു. സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടു. പിശാചുകൾ ചങ്ങലകളിൽ ബന്ധിതരായി. ഒരു മാലാഖ വിളിച്ചു പറയുന്നു. നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്നവരെ നിങ്ങൾക്കിതാ ഒരു സന്തോഷവാർത്ത ! മോശപ്രവർത്തി ചെയ്യുവാൻ ആഗ്രഹിക്കുന്നവരെ ! നിങ്ങൾ പിന്തിരിയുക. റമദാൻ പൂർണ്ണമാകുന്നതുവരെയെങ്കിലും ! (അഹ്മദ്, നസായി)

റമദാൻ മാസത്തിൽ വ്രതാനുഷ്ഠിക്കൽ, നരകത്തിൽ നിന്നു രക്ഷപ്പെടാനുള്ള ഒരു പരിചയാണ്. ദൈവദൂതൻ പറഞ്ഞു അല്ലാഹു (ത) സ്വർഗ്ഗവും നരകവും സൃഷ്ടിച്ചപ്പോൾ, അവൻ ജിബ്രീലിനെ സ്വർഗ്ഗത്തിലേക്കയച്ചു എന്നിട്ടു പറഞ്ഞു പോയി നോക്കു. അതിലെ അന്തേവാസികൾക്ക് ഞാൻ എന്താണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് ! അങ്ങനെ അദ്ദേഹം പോയി, കണ്ടു, അവർക്കായി ഒരിക്കിയിരിക്കുന്ന കാര്യങ്ങൾ ! എന്നിട്ട് മടങ്ങി അല്ലാഹുവിന്റെ സവിധത്തിലെത്തി പറഞ്ഞു. നിന്റെ മഹത്വത്തെ കൊണ്ട് സത്യം ! അതിൽ പ്രവേശിക്കുവോളം ഒരാളും അതിനെ പറ്റി കേട്ടിട്ടുണ്ടാവില്ല. അപ്പോൾ അവൻ കല്പിച്ചു. സ്വർഗ്ഗത്തിനെ പ്രയാസങ്ങളുടെ സാധനങ്ങളാൽ വലയം ചെയ്തിരിക്കുകയാണ്. എന്നിട്ട് അവൻ പറഞ്ഞു. നീ മടങ്ങി പോകു പ്രയാസങ്ങളാൽ വലയം ചെയ്തിരിക്കുന്നതു പോയി നോക്കി കാണുക. പോയി നോക്കി കണ്ട ശേഷം വന്നിട്ട് പറഞ്ഞു നിന്റെ മഹത്വത്തെ കൊണ്ട് സത്യം! അതിൽ ആരും പ്രവേശിക്കുകയില്ല എന്ന് ഞാൻ ഭയപ്പെടുന്നു. അല്ലാഹു (ത) പറഞ്ഞു, പോയി നരകത്തെ നോക്കികാണുക. അതിലെ അന്തേവാസികൾക്കായി ഞാൻ എന്താണ് തയ്യാറാക്കി വെച്ചിരിക്കുന്നതെന്നു നോക്കി കാണുക. അതിലെ ചില ഭാഗങ്ങൾ മറ്റു ചിലതിനെ തിന്നുകൊണ്ടിരിക്കുന്നു. മടങ്ങി വന്നു പറഞ്ഞു നിന്റെ മഹത്വത്തെ കൊണ്ട് സത്യം! അതിൽ പ്രവേശിക്കുവോളം ഒരാളും അതിലുള്ളതിനെ പറ്റികേട്ടിട്ടുണ്ടാവില്ല. എന്നിട്ട് അല്ലാഹു കല്പിച്ചു അതിനെ ഇച്ഛകളാൽ വലയം ചെയ്തിരിക്കു

കയാണ്. എന്നിട്ടവൻ പറഞ്ഞു അതിലേക്ക് മടങ്ങിപോവുക. മടങ്ങിവന്ന ശേഷം പറഞ്ഞു നിന്റെ മഹത്വത്തെകൊണ്ട് സത്യം ! ഞാൻ ഭയപ്പെടുന്നു. അതിൽ നിന്നും രക്ഷപ്പെടുന്ന ഒരാളെയും ഞാൻ കാണുന്നില്ല. അതിൽ എല്ലാവരും പ്രവേശിക്കുന്നതാണ് (തിർമിദി, ഹാക്കിം)

ഇസ്ലാമിക വിശ്വാസത്തിലെ എന്റെ പ്രീയ സഹോദരീസഹോദരന്മാരെ! വ്രതാനുഷ്ഠാനം ഇഛകളെ നിഗ്രഹിക്കുന്നു. നരകത്തിന്റെ ത്രീവതയെ ലഘൂകരിക്കുന്നു. ഇഛകൾ നമ്മെ നരകത്തിലേക്ക് കൂട്ടികൊണ്ടു പോകുന്നു. നരകത്തിനും നിങ്ങൾക്കുമിടയിൽ വ്രതാനുഷ്ഠാനം എങ്ങനെയാണ് നിലകൊള്ളുന്നതെന്ന് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ ! റമദാൻ മാസത്തിലും, അതിനുശേഷവും നിങ്ങൾ വ്രതമനുഷ്ഠിക്കുമായിരുന്നു (നിർബന്ധമല്ലാത്ത വ്രതാനുഷ്ഠാനവും നിങ്ങൾ കഴിയുന്നിടത്തോളം അനുഷ്ടിക്കുന്നതാണ്)

വ്രതാനുഷ്ഠാനത്തിന്റെ പ്രതിഫലത്തെ കുറിച്ച് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. അല്ലാഹുവിനെ അനുസരിക്കുന്നവർ നരകത്തിൽ നിന്നും സുരക്ഷിതരായിരിക്കുമെന്ന് നമ്മെ പഠിപ്പിക്കുന്നു. വ്രതാനുഷ്ഠാനം അല്ലാഹുവിനെ അനുസരിക്കുന്ന ഒരു രീതിയാണ്. ഇതു സംബന്ധമായി അനേകം പ്രവാചകവചനങ്ങൾ നമുക്ക് വെളിച്ചം വീശുന്നുണ്ട്.

വ്രതാനുഷ്ഠാനം ഒരു പരിച പോലെയാണ് ! അവനെ അത് നരകത്തിൽ നിന്നും സംരക്ഷിക്കുന്നു (അഹ്മദ്)

അല്ലാഹുവിന്റെ വഴിയിൽ ഒരുവൻ ഒരു ദിനം വ്രതമനുഷ്ഠിച്ചാൽ, അവനും നരകവും തമ്മിലുള്ള അകലം ആകാശവും, ഭൂമിയും തമ്മിലുള്ള അകലത്തിലാക്കുന്നതാണ്

(തിർമിദി, ത്വബരാനി)

റമദാന്റെ പ്രഥമ രാത്രീ സമാഗതമായാൽ, പിശാചുക്കളും നിഷേധികളായ ജിന്നുകളും ബന്ധിതരാക്കപ്പെടും, നരകത്തിന്റെ വാതിലുകൾ അടയ്ക്കപ്പെടും. അതിന്റെ ഒരു വാതിലും തുറക്കപ്പെടുന്നതല്ല. സ്വർഗത്തിന്റെ വാതിലുകൾ തുറക്കപ്പെടുന്നതാണ്. അതിന്റെ ഒരു വാതിലും അടയ്ക്കപ്പെടുന്നതല്ല. വിളിച്ചു പറയുന്നവൻ വിളിച്ചു പറയുന്നു. അല്ലയോ നന്മ ചെയ്യുന്നവനേ നന്മയിൽ മുന്നേറൂ ! തിന്മ ചെയ്യുന്നവനെ ! നീ അത് നിർത്തുക ! അല്ലാഹു (ത) ചിലരെ നരകത്തിൽ നിന്നും രക്ഷിക്കുന്നു. അത് എല്ലാ രാത്രിയിലും സംഭവിക്കുന്നതാണ് (തിർമിദി, ഇബ്നമാജു)

റമദാൻ മാസത്തിലെ എല്ലാ രാത്രിയിലും പകലും, നരകത്തിൽ നിന്നും അല്ലാഹു (ത)

ജനങ്ങൾക്ക് മുക്തി നല്കുന്നു. ഒരു മുസ്ലിം സമർപ്പിക്കുന്ന ഓരോ പ്രാർത്ഥനയ്ക്കും അവൻ ഉത്തരം നല്കുന്നതാണ് (ഇബ്നുമാജ് അഹ്മദ്)

ഈ റമദാൻ നമുക്ക് നരകത്തിൽ നിന്നുള്ള ഒരു സംരക്ഷണമായി തീരാനായി നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാം. ആമീൻ, സുമ്മആമീൻ, യാറബ്ബൽ ആലമീൻ !

ഇൻശാ അല്ലാഹ് ! ജും ആ നമസ്ക്കാരത്തിന് ശേഷം. നാമൊരു ജനാസ ഗായിബ്നമസ്ക്കാരം നിർവ്വഹിക്കുന്നതാണ്. ഇൻഡ്യയിലെ സൗത്ത് കേരളത്തിലെ അമീർ ആയ മുകർറം ആർ. ജമാലുദ്ദീൻ റാവുത്തർ സാഹിബിന്റെ ഭാര്യയായ ശരീഫാ ബീവി സാഹിബ (1951– 2018 ) എന്റെ പ്രീയ, അഭിവന്ദ്യയായ, അനുയായി സഹോദരി മരണപ്പെട്ടുപോയിരിക്കുന്നു. അല്ലാഹു (ത) അവനിലേക്കുള്ള ഈ യാത്രയിൽ, അവരുടെ വഴിയെ, പ്രകാശമാനമാക്കട്ടെ, അങ്ങനെ അവർക്ക് അവനെ തന്നെ പ്രതിഫലമായി ലഭിക്കട്ടെ ! ആമീൻ.

ഇൻശാ അല്ലാഹ് ! അവരുടെ പ്രീയ പുത്രൻ ഫസിൽജമാൽ സാഹിബ് അവരുടെ ജീവിതത്തെയും പ്രവർത്തനത്തെയും പറ്റിയുള്ള, ഒരനുസ്മരണം, നമ്മുടെ ജമാഅത്ത് ബ്ളോഗിൽ, നല്കുന്നുണ്ട്. അത് നിങ്ങൾക്ക് വായിക്കാവുന്നതാണ്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളെയും അല്ലാഹു (ത) അനുഗ്രഹിക്കട്ടെ ! അല്ലാഹു (ത) നിങ്ങളോടെല്ലാം സന്തോഷത്തോടെ ആയിരിക്കട്ടെ ! വിശിഷ്യാ അല്ലാഹുവിനോടും, അവന്റെ ദൂതനായ ഹസ്രത് മുഹമ്മദ് (സ) നോടും ഈ നൂറ്റാണ്ടിൽ നിങ്ങൾക്കായി നിയോഗിച്ച ഖലീഫത്തുല്ലാഹ്യോടും അനുസരണം പുലർത്തിയ കാരണത്താൽ ! (നിങ്ങളെ എല്ലാം അനുഗ്രഹിക്കട്ടെ) ഇൻശാ അല്ലാഹ് ! ആമീൻ

എല്ലാവർക്ക് റമദാൻ ആശംസകൾ നേരുന്നു.

Translated & Issued By :
R. Jamaludin Raother
Amir - Jamaat Ul Sahih Al Islam
South Zone - Kerala, India
Ph : 9447001832, 0475-2252663
E-mail : jamal.raother@gmail.com
Web : www.jamaat-ul-sahih-al-islam.com
Blog : www.sahih-al-islam.blogspot.in